LIBRARY ARCHIVES Kerala Legislative Assembly

ചികിൽസാ സഹായം

128 (5533) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക-സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേരാമ്പ്ര മണ്ഡലത്തിൽ പിന്നോക്ക പട്ടിക സമുദായ ക്ഷേമവകുപ്പിന് കീഴിൽ പാവപ്പെട്ടവർക്കുള്ള ചികിത്സാസഹായ ഇനത്തിൽ എത്ര രൂപ ആർക്കെല്ലാം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പട്ടികജാതി വിഭാഗത്തിൽ 313 പേർക്കായി 19,42,600 രൂപ (പത്തൊൻപതു ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി അറുന്നൂറു രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേരും വിലാസവും ശേഖരിച്ചു നൽകുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിൽ 87 പേർക്കായി 47,404 രൂപ (നാൽപ്പത്തിയേഴായിരത്തി നാനൂറ്റി നാല് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

മാള മണ്ഡലത്തിൽ അനുവദിച്ച ചികിത്സാ സഹായം

129 (5534) ശ്രീ. എ. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാള മണ്ഡലത്തിൽ വകുപ്പു മന്ത്രിയുടെ ചികിത്സാ ധനസഹായ ഇനത്തിൽ ഇതിനകം എത്ര തുക നൽകിയെന്ന് വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-6-2010 വരെ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മാള മണ്ഡലത്തിൽ 23,87,050 (ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തി ഏഴായിരത്തി അൻപത് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

ചികിൽസാ സഹായം

130 (5535) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവിഭാഗങ്ങൾക്ക് തൃക്കരിപ്പൂർ മണ്ഡലത്തിൽ എത്ര രൂപയുടെ ചികിൽസാസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.